# കരവാരം CDS

തിരുവനന്തപുരം ജില്ലയുടെ വടക്ക് ദേശീയപാതയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്താണ് കരവാരം. LOCKDOWN പ്രഖ്യാപിച്ചത്തിലൂടെ പഞ്ചായത്തിലെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ തോളോട് തോൾ ചേർന്ന പ്രവർത്തനമാണ് കുടുംബശ്രീ CDS ഉം പഞ്ചായത്ത് ഭരണസമിതിയും നടത്തിയത്.

## MF & MICROFINANCE

LOCKDOWN പ്രഖ്യാപിച്ച ഉടൻ തന്നെ കരവാരം കുടുംബശ്രീ CDS യോഗം ചേർന്ന് ഭാവിപ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. CDS തലത്തിലും ADS തലത്തിലും പഞ്ചായത്ത് അംഗങ്ങളെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി പ്രത്യേകം വാട്സ്അപ് ഗ്രൂപ്പുകൾ രൂപികരിച്ചു. CMHLSനായി അപേക്ഷിച്ച എല്ലാ അയൽക്കൂട്ടങ്ങൾക്കും മാനദണ്ഡമനുസരിച്ചു ലോൺ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 175 അയൽക്കൂട്ടങ്ങൾക്കായി 2.29കോടി രൂപയാണ് കരവാരം cds ന് അനുവദിച്ചു കിട്ടിയത്. അയൽക്കൂട്ടങ്ങൾ കൂടാതെ തന്നെ അംഗങ്ങൾക്ക് ആന്തരിക ലോൺ നൽകുന്നതിനുള്ള അനുമതി അയൽക്കൂട്ടങ്ങൾക്ക് നൽകി.




## MKSP

സംസ്ഥാനസർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ നടത്തിപ്പിനായി CDS /ADS തലങ്ങളിൽ പ്രത്യേകസമിതികൾ രൂപീകരിച്ചു. കൂടാതെ കൃഷിക്കായി 7 ഏക്കർ തരിശ് ഭൂമി ഇതുവരെ ഏറ്റെടുത്തു കഴിഞ്ഞു. Lockdown സമയത്ത് കുടുംബശ്രീ പ്രവർത്തകർക്ക് കൃഷിഭവന്റെ സഹായത്തോടെ വിത്തുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമുള്ള പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ വിവിധ JLGകളിൽ നിന്ന് ലഭ്യമാക്കി. ലോണെടുത്ത കർഷകർക്ക് ഇൻസെന്റീവ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.



## ME

കരവാരം പഞ്ചായത്തിലെ രോഗികൾക്കും അവശത അനുഭവിക്കുന്നവർക്കും ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് 27 മുതൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ ആറ്റിങ്ങൽ MLA Ad.ബി സത്യൻ ഉദ്ഘാടനം ചെയ്തു. ഏകദേശം 7000ത്തിലധികം പേർക്ക് കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണം ലഭ്യs2മാക്കി. കമ്മ്യൂണിറ്റി കിച്ചൻ അവസാനിച്ച ശേഷവും 20 രൂപക്ക് ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ ഹോട്ടൽ ഏപ്രിൽ 11 മുതൽ ദേശീയ പാതയ്ക്ക് സമീപം കല്ലമ്പലത്ത് പ്രവർത്തനം ആരംഭിച്ചു.



## DFK

LOCKDOWN കാലത്ത് അഗതിരഹിത കുടുംബങ്ങളിലെ അംഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യകിറ്റുകൾ അവരുടെ വീടുകളിൽ എത്തിക്കാൻ CDS പ്രത്യേകം ശ്രദ്ധിച്ചു. മാത്രമല്ല അഗതി കുടുംബങ്ങളിലെ 60വയസ്സിനു മുകളിലുള്ള അംഗങ്ങളെ തുടർച്ചയായി വിളിക്കുകയും അവരുടെ ക്ഷേമവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഇങ്ങനെയുള്ള സംഭാഷണങ്ങളിലൂടെ അവരുടെ വിവിധ തരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാനും കുടുംബശ്രീ പ്രവർത്തകർ ശ്രദ്ധിച്ചു. അതുവഴി അവരുടെ ആവശ്യപ്രകാരം മരുന്ന്, പച്ചക്കറി, റേഷൻ എന്നിവ കുടുംബശ്രീ പ്രവർത്തകർ വീട്ടിലെത്തിച്ചു.


കരവാരം ഗ്രാമപഞ്ചായത്ത്
B.R.C (ബഡ്സ് സ്കൂൾ)
കരവാരം
SORTEX BOILED RICE


SORTEX RICE
50 KGS.
TOSSIPUDI

## മറ്റുപ്രവർത്തനങ്ങൾ

1. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തങ്ങൾക്കായി വിവിധ വാർഡുകളിൽ നിന്നായി കുടുംബശ്രീ പ്രവർത്തകർ ഭക്ഷ്യസാധനങ്ങൾ വാങ്ങി നൽകി.
2. 10 വാർഡുകളിൽ പച്ചക്കറി കിറ്റ് വിതരണം ചെയ്തു.
3. മരുന്നുകൾ മുടങ്ങിയവർക്കായി PHC കളിൽ നിന്ന് വോളന്റിയേഴ്സ് വഴി എത്തിച്ചു നൽകി.
4. വാർഡ് 16ലെ ഒരു ഡയാലിസിസ് രോഗിക്ക് 5000 രൂപ പിരിച്ചു നൽകി. കുടുംബശ്രീ പ്രവർത്തകരോട് സഹായം അഭ്യർത്ഥിച്ച യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള 16 പേർക്ക് മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങി വീട്ടിൽ എത്തിച്ചു.


**ബ്ലോക്ക് കോർഡിനേറ്റർ**

**രാഹുൽ R G**

**Mob :9995305252**

**CDS ചെയർപേഴ്സൺ**

**ലിസി ശിശുപാലൻ**

**Mob:9539723288**